**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 373** **01-02-2023 - ൽ മറുപടിയ്ക്ക്**

**തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ശല്യം നേരിടുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തിവന്നിരുന്ന തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്ന പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; | (എ) | പ്രസ്തുത പദ്ധതി നിർത്തലാക്കിയിട്ടില്ല. |
| (ബി) | ഈ പദ്ധതിയിൽ നിന്നും കുടുംബശ്രീ ഉൾപ്പെടെയുള്ള ഏജൻസികളെ ഒഴിവാക്കിയ സാഹചര്യത്തിൽ പുതുതായി എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ബഹു. ഹൈക്കോടതിയുടെ 17/12/2021 ലെ WP(C) 13204/2021 നമ്പർ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും മൃഗസംരക്ഷണ വകുപ്പിന്റെ 27/12/2021 ലെ 474/2021/AHD നമ്പർ ഉത്തരവു പ്രകാരവും കുടുംബശ്രീയെ എ.ബി.സി പദ്ധതി നടത്തുന്നതിൽ നിന്നും വിലക്കിയിട്ടുണ്ട്. ആയതിനാൽ ടി പ്രവർത്തനങ്ങൾ നടത്തുന്നതിന് 29-09-2022 ലെ സ.ഉ (സാധാ) നം. 2376/2022/ തസ്വഭവ സർക്കാർ ഉത്തരവു പ്രകാരം മൃഗസംരക്ഷണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | അക്രമണകാരികളായ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ച് വരുന്നതിനാൽ കൂടുതൽ തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | അക്രമണകാരികളായ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ച് വരുന്നതിനാൽ കൂടുതൽ തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ